**വളരെ അടിയന്തിരം**

പി എൽ1/77458/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തിയ്യതി: 02/07/2018
ഫോൺ :0471 2580586
ഇ-മെയിൽ :dpiplanning@gmail.com

5034

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം: പൊ.വി. - പദ്ധതികൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.
സൂചന: 29/06/2018ന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മിഷൻ ഓഫീസിൽ കൂടിയ അടിയന്തിര യോഗം.

മേൽ സൂചന പ്രകാരം നടന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന പ്രവർത്തനങ്ങളിൽ അടിയന്തിരമായി നടപടികൾ കൈക്കൊണ്ട് ആ വിവരം ഈ ഡയറക്ടറേറ്റിലേക്ക് അറിയിക്കേണ്ടതാണ്.

1. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മിഷന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തെ സ്കൂളിൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റപ്പെടുന്നുണ്ടെങ്കിൽ അത്തരം സ്കൂളിലെ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ഏർപ്പെടുത്തണം. അത്തരത്തിൽ ബദൽ സംവിധാനം നടത്തുമ്പോൾ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കിയിരിക്കണം. ബദൽ സംവിധാനം ഉറപ്പാക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സെഷണൽ സംവിധാനം നടപ്പിലാക്കാവുന്നതാണ്. കുട്ടികളുടെ ആകെ പഠന മണിക്കൂറുകൾ നഷ്ടപ്പെടാത്ത രീതിയിൽ ക്രമീകരണങ്ങൾ നടത്തണം. ഇതിനെല്ലാം ആവശ്യമായ സാങ്കേതിക സഹായം KITE/WAPCOS എന്നിവരിൽ നിന്നും തേടാവുന്നതാണ്.
2. 500 കുട്ടികളിൽ അധികം പഠിക്കുന്ന ലോവർ പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂളുകളുടെ അടിസ്ഥാനസൗകര്യത്തിനായി ഒരു കോടി രൂപ പദ്ധതിയിലേക്ക് അടിസ്ഥാന സൗകര്യവികസനം അനിവാര്യമായ സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കി (AEO/DEO മാർ നേരിട്ട് സ്കൂളുമായി ബന്ധപ്പെട്ട് ആവശ്യകത ബോദ്ധ്യപ്പെട്ടശേഷം ലിസ്റ്റ് തയ്യാറാക്കി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സമർപ്പിച്ചത്) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ 10 ദിവസത്തിനകം ഈ ഓഫീസിൽ (പ്ലാനിംഗ് സെക്ഷനിൽ) സമർപ്പിക്കേണ്ടതാണ്. സ്കൂൾ ലിസ്റ്റ് തയ്യാറാക്കുമ്പോൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയിൽപ്പെട്ട 5 കോടി രൂപ പദ്ധതി, 3 കോടി രൂപ പദ്ധതി, 1 കോടി രൂപ പദ്ധതി എന്നിവയിൽ ഉൾപ്പെട്ട സ്കൂളുകളെ ഒഴിവാക്കണം.

12/07/2018 ന് രാവിലെ 10 മണിമുതൽ SIEMAT ൽ വച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മിഷൻ പദ്ധതികളുമായി ബന്ധപ്പെട്ട ഒരു ശിൽപശാല നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ശിൽപശാലയിൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും കൃത്യമായി എത്തിച്ചേരേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ